# നായർ സർവീസ് സൊസൈറ്റിക്ക് എതിരെയുള്ള പ്രചരണങ്ങൾ ദുരുദ്ദേശ്യപരമാണ്

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ അനുഗ്രഹത്താൽ 108-ൽ പരം വർഷങ്ങളായി സ്വസമുദായത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി ലാഭേച്ഛ കൂടാതെ നിയമപരവും സത്യസന്ധവുമായി പ്രവർത്തിച്ചുപോരുന്ന സംഘടനയാണ് നായർ സർവീസ് സൊസൈറ്റി. അതിന്റെ പ്രവർത്തനങ്ങളെ ചോദ്യംചെയ്തുകൊണ്ട്, തങ്ങളുടേതായ കാരണങ്ങളാൽ സംഘടനയ്ക്കു പുറത്തുപോവേണ്ടിവന്ന ചിലർ, വ്യവഹാരങ്ങളുമായി ഇപ്പോൾ ഇറങ്ങിത്തിരിച്ചിരിക്കുന്ന വിവരം സാമൂഹ്യമാധ്യമങ്ങളിലൂടെ അറിഞ്ഞിരിക്കുമല്ലോ.

ഹൈറേഞ്ച് താലൂക്ക് യൂണിയൻ പിരിച്ചുവിട്ടതിനെതിരെ മുൻ യൂണിയൻപ്രസിഡന്റ് കട്ടപ്പന മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ് ആദ്യത്തേത്. പ്രതിനിധിസഭാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹൈറേഞ്ച് യൂണിയനിലെ അടിമാലി കരയോഗവും, രാജാക്കണ്ടം മണികണ്ഠവിലാസം കരയോഗവും, എഴുകുംവയൽ കരയോഗവും ദേവികുളം, കട്ടപ്പന, അടിമാലി മുൻസിഫ് കോടതികളിൽ ഫയൽ ചെയ്തിട്ടുള്ളതാണ് അടുത്ത കേസുകൾ.

ഇതുകൂടാതെ, നിലവിലുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ മുമ്പാകെയും കമ്പനി രജിസ്ട്രേഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെയും നല്കിയിട്ടുള്ളതാണ് അടുത്ത രണ്ടു കേസു കൾ.

ഇതിൽപെട്ടവർതന്നെയാണ് മന്നം ജയന്തിആഘോഷത്തിൽ ശശിതരൂരിനെ ക്ഷണിച്ചത് തടയണമെന്ന് ആവശ്യപ്പെട്ട് ചങ്ങനാശ്ശേരി കോടതിയിൽ കേസ് ഫയൽ ചെയ്തത്.

മേല്പറഞ്ഞ കേസുകൾ ഒന്നുംതന്നെ എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ ഒരുതരത്തിലും ബാധിച്ചിട്ടില്ല.

ആശങ്കകൾക്ക് ഇടനല്കാതെ, ഇത്തരം നീക്കങ്ങളെ നിയമപരമായിത്തന്നെ നേരിടാനുള്ള നടപടികൾ നായർ സർവീസ് സൊസൈറ്റി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട് എന്ന വിവരം സമുദായാംഗങ്ങളെ അറിയിച്ചുകൊള്ളട്ടെ.

കൂടാതെ, സർവീസ് സൊസൈറ്റിക്കും അതിന്റെ നേതൃനിരയിൽ പ്രവർത്തിക്കുന്നവർക്കും എതിരെ അടിസ്ഥാനരഹിതവും സത്യവിരുദ്ധവും ദുരുദ്ദേശ്യപരവും ആയ രീതിയിൽ നടത്തുന്ന പ്രചരണങ്ങളെല്ലാം വസ്തുതകൾക്കു നിരക്കാത്തതും മറുപടി അർഹിക്കാത്തതുമാണ്.

എല്ലാ അർത്ഥത്തിലും സമൂഹത്തിൽ തലയുയർത്തി നില്ക്കുന്ന നമ്മുടെ സംഘടനക്ക് എത്രയെത്ര എതിർപ്പുകളെ നേരിട്ട ചരിത്രമാണുള്ളതെന്ന് നമുക്കേവർക്കും അറിയാമല്ലോ. അതുവഴി സംഘടന കൂടുതൽ ശക്തി പ്രാപിച്ചിട്ടേയുള്ളൂഎന്നത് ചരിത്രസത്യം.